നുള്ളിൽ മാറ്റൊരുത്തരുവുണ്ടാകുന്നതുവരെ നിർത്തലാക്കിയിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ ഇനിയൊരുത്തരവുണ്ടാകുന്നതുവരെ എൻഡോസൾഫാൻ തളിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) 6-1-2003-ലെ ജി.ഒ. (ആർ. റ്റി.)58/2003/എച്ച്.എഫ്.ഡബ്ല്യു.ഡി. എന്ന ഉത്തരവു പ്രകാരം എൻഡോസൾഫാൻ മൂലമാണെന്നു സംശയിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾക്കുള്ള യഥാർത്ഥ കാരണങ്ങൾ, നിവാരണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. പി. കെ. ശിവരാമൻ അദ്ധ്യക്ഷനായിട്ടുള്ള ഒരു വിദഗ്ദ്ധ സമിതി പഠനം നടത്തിയിട്ടുണ്ട്.

പഠന റിപ്പോർട്ടിൻമേൽ തീരുമാനമെടുത്തതിനുശേഷം മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

ഭക്ഷ്യവിളകൾ കൃഷിചെയ്യുന്നവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ പദ്ധതി

102 [385] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല്, കപ്പ, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ ഓരോന്നും കൃഷിചെയ്തുവരുന്ന ഭൂമിയുടെ 2001-02, 2002-03 വർഷങ്ങളിലെ വിസ്തൃതിയുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ പത്തുവർഷങ്ങളായി ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുന്ന ഭക്ഷ്യവിളകൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(സി) നിലവിൽ 5 ഹെക്ടറിൽ കൂടുതൽ ഭക്ഷ്യവിള കൃഷിചെയ്യുന്ന കർഷകരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ഡി) കർഷക തൊഴിലാളികളുടെ നിശ്ചിത വേതനത്തിനു ആനുപാതികമായ ഒരു തുക ഒരു ഹെക്ടറിൽ താഴെ ഭക്ഷ്യ വിള കൃഷിചെയ്യുന്ന കർഷകർക്ക് സബ്സിഡിയായി നൽകുന്നകാര്യം പരിഗണിക്കുമോ;

(ഇ) ഭക്ഷ്യവിളകൾ കൃഷിചെയ്യുന്നവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ പദ്ധതി തയ്യാറാക്കുമോ?

ഉത്തരം

(എ) നെല്ല്, കപ്പ, പയറു വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്തുവരുന്ന ഭൂമിയുടെ വിസ്തൃതിയുടെ കണക്ക് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

		2001-02 (ഹെ.)	2002-03 (ഹെ.)
1.	നെല്ല്	322368	310521
2.	കപ്പ	111189	തിട്ടപ്പെടുത്തിയില്ല.
3.	പയറു വർഗ്ഗങ്ങൾ	8191	,,
4.	കിഴങ്ങു വർഗ്ഗങ്ങൾ	27891	,,

2002-03 വർഷത്തിൽ നെല്ലിന്റെ വിസ്തൃതി മാത്രമേ തിട്ടപ്പെടുത്തിയിട്ടുള്ളു.

(ബി) കഴിഞ്ഞ 10 വർഷങ്ങളിലായി നെല്ല്, പയറു വർഗ്ഗങ്ങൾ എന്നീ വിളകളുടെ വിസ്തൃതി കുറഞ്ഞു വരുന്നുണ്ട്.

(സി) തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) നിലവിൽ ഇത്തരത്തിലൊരു നിർദ്ദേശം കൃഷിവകുപ്പിന്റെ പരിഗണനയിലില്ല.

(ഇ) സംസ്ഥാനത്തെ പ്രധാന ഭക്ഷ്യവിളയായ നെൽ കൃഷിക്ക് നിലവിൽ ഉല്പാദനോപാധികളായ വിത്ത്, വളം സസ്യസംരക്ഷണം തുടങ്ങിയവയ്ക്ക് സഹായം ലഭ്യമാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. രജിസ്ട്രേഡ് വിത്തുത്പാദന പരിപാടി, നെൽക്കൃഷി സംരക്ഷണം, യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കൽ, സൗജന്യ വൈദ്യുതി ഉൽപ്പാദന ബോണസ്, സംഭരണത്തിനു ഹാൻഡ്‌ലിംഗ് ചാർജ്ജ് എന്നീആനുകൂല്യങ്ങളും ലഭ്യമാക്കുന്നുണ്ട്.

കൂടാതെ കേരളത്തിന്റെ മിക്കവാറും എല്ലാ പ്രധാനവിളകളുടെയും വികസനത്തിനായി കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

കുഴൽമന്ദം നിയോജകമണ്ഡലത്തിലെ കൃഷിനാശത്തിന്റെ പഞ്ചായത്തുതല കണക്ക്

103 [386] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം നിയോജകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിൽ ഓരോന്നിലും ഉണ്ടായ കൃഷിനാശത്തിന്റെ പഞ്ചായത്തുതല കണക്ക് ലഭ്യമാക്കുമോ;

(ബി) കൃഷിനാശം സംഭവിച്ച കുഴൽമന്ദം മണ്ഡലത്തിലെ കൃഷിക്കാർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു തുക നൽകി എന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly